# ആർത്തി

വെയിലിൽവെന്തിട്ടല്ലോ
മാമരമേകുംതണൽ!
വേരുകൾ ഭിക്ഷതേടും
മുഴുത്ത ഫലമേകാൻ!

കിണറും പുഴകളും
തെളിനീരുറവയും
നിർവൃതരാകുന്നേറ്റ-
മന്യൻറെ ദാഹം തീർക്കിൽ!

നിസ്വാർത്ഥർക്കായിട്ടല്ലോ
വിരചിച്ചതിവിശ്വം!
വേറെയാരുണ്ടിപ്പാരിൽ
സ്വാർത്ഥരായ് മർത്യന്നോളം!

ഒരുവന്നാർത്തിക്കുള്ള
വിഭവമില്ലീഭൂവിൽ!
മർത്യൻറെയത്യാർത്തിക്കു-
വരമ്പിട്ടതില്ലീശൻ!

*downloaded from www.abdulgafoor.com*